# കേരള സർക്കാർ

## പൊതു വിദ്യാഭ്യാസ വകുപ്പ്

# ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് പരീക്ഷ

## ഒക്ടോബർ-2021

# വിജ്ഞാപനം

**പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാ ഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം - 12.**

No. EX/H1/23828/2021/C.G.E

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി : 03/09/2021

# വിജ്ഞാപനം

വിഷയം: പൊതു വിദ്യാഭ്യാസം- പരീക്ഷാഭവൻ - ലൈബ്രറി & ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് പരീക്ഷ ഒക്ടോബർ - 2021- സംബന്ധിച്ച്.

സൂചന: 1. ജി.ഒ.(എം.എസ്)175/2010/ഉ.വി.വ. തീയതി : 21/07/2010.
2. ഉന്നത വിദ്യാഭ്യാസം (എ) വകുപ്പിൽ നിന്നുള്ള കത്ത് നം. എ1/27/2021/ ഉ.വി.വ. തീയതി 11/05/2021.

************

21.07.2010-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(എം.എസ്)175/2010/ഉ.വി.വ. പ്രകാരം തിരുവനന്തപുരം, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്തിവരുന്ന ലൈബ്രറി & ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് 2021 (40-ാം ബാച്ച്)-ന്റെ പരീക്ഷാ വിജ്ഞാപനം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്തിവരുന്ന ലൈബ്രറി & ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് 2021 റഗുലറായി പഠിച്ച് 85% ഹാജർ ഉള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. മുൻ വർഷങ്ങളിൽ പ്രസ്തുത കോഴ്സ് റഗുലറായി പഠിച്ച് പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് തോറ്റ വിഷയങ്ങൾ വീണ്ടും എഴുതുന്നതിന് അപേക്ഷിക്കാവുന്നതാണ്.

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, പ്രസ്തുത കോഴ്സിന്റെ പരീക്ഷാ കേന്ദ്രവും സ്റ്റേറ്റ് ലൈബ്രേറിയൻ ചീഫ് സൂപ്രണ്ടുമായിരിക്കും.

പരീക്ഷാ വിഷയം, മാർക്ക്, സമയം എന്നിവയുടെ വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | മാർക്ക് | ജയിക്കാൻ ആവശ്യമായ മാർക്ക് | സമയം |
|---|---|---|---|---|
| 1 | ലൈബ്രറി ഓർഗനൈസേഷൻ ആന്റ് മാനേജ്മെന്റ് | 100 | 35 | 2 hrs |
| 2 | ലൈബ്രറി ക്ലാസ്സിഫിക്കേഷൻ ആന്റ് കാറ്റലോഗ് **(തിയറി)** | 100 | 35 | 2 hrs |
| 3 | ലൈബ്രറി ക്ലാസ്സിഫിക്കേഷൻ **(പ്രാക്റ്റിക്കൽ)** | 50 | 17.5 | 2 hrs |
| 4 | ലൈബ്രറി കാറ്റലോഗ് **(പ്രാക്റ്റിക്കൽ)** | 50 | 17.5 | 2 hrs |
| 5 | ഇൻഫർമേഷൻ സോഴ്സ് ആന്റ് സർവ്വീസ് | 100 | 35 | 2 hrs |
| 6 | ഇൻഫർമേഷൻ ടെക്നോളജി | 100 | 35 | 2 hrs |
| **ആകെ മാർക്ക്** | | 500 | | |

പരീക്ഷയിൽ വിജയിക്കുന്നതിന് ഓരോ പേപ്പറിനും 35% മാർക്ക് നേടിയിരിക്കണം.

**ഫീസ് നിരക്കുകൾ:**

1. എല്ലാ വിഷയങ്ങൾക്കും - 40/-രൂപ
2. ഒരു വിഷയത്തിന് - 10/-രൂപ
3. രണ്ടോ അതിൽ കൂടുതലോ വിഷയങ്ങൾക്ക് - 20/-രൂപ
4. മാർക്ക് ലിസ്റ്റ് - 40/-രൂപ

പരീക്ഷാ ഫീസ് നിശ്ചിത ദിവസത്തിനുള്ളിൽ 0202-01-102-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഫീസടച്ചതിനുശേഷം ഒറിജിനൽ ചലാൻ ഉൾപ്പെടെ അപേക്ഷ ഈ ഓഫീസിലേക്ക് അയക്കേണ്ടതാണ്. പരീക്ഷാഫീസ് രൂപ, ചെക്ക്, പോസ്റ്റൽ ഓർഡർ എന്നീ വിധത്തിൽ ഈ ഓഫീസിൽ സ്വീകരിക്കുന്നതല്ല. ഒരിക്കൽ ഫീസ് അടച്ചു കഴിഞ്ഞാൽ പ്രസ്തുത ഫീസ് റീ-ഫണ്ട് ചെയ്യുകയോ അടുത്ത പരീക്ഷകൾക്ക് അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്യുന്നതല്ല.

മാർക്ക് ലിസ്റ്റിനുള്ള ഫീസ് നിശ്ചിതദിവസത്തിനുള്ളിൽ 0202-01-102-92 അദർ റസീപ്റ്റ്സ് എന്ന ശീർഷകത്തിൽ ഒടുക്കുകയും പരീക്ഷാ അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതുമാണ്.

റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസ് സ്റ്റേറ്റ് ലൈബ്രേറിയൻ കൈപ്പറ്റുകയും ഫീസ് അടയ്ക്കേണ്ട അവസാന തീയതിക്കു മുമ്പ് പണം ഒടുക്കി ഒറിജിനൽ ചലാൻ വിദ്യാർത്ഥികളുടെ ലിസ്റ്റിനോടൊപ്പം ഈ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

പ്രൈവറ്റ് വിദ്യാർത്ഥികൾ സ്വന്തം പേരിൽ നിശ്ചിത തീയതിക്കുള്ളിൽ ഫീസ് ഒടുക്കി, ചലാൻ അപേക്ഷയോടൊപ്പം സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം-ന് നൽകേണ്ടതാണ്.

**സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും**

| | | | |
|---|---|---|---|
| 1 | പരീക്ഷാ ഫീസും അപേക്ഷയും പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കുന്നതിനും ഫീസ് ട്രഷറിയിൽ ഒടുക്കുന്നതിനുമുള്ള തീയതി | : | 16/09/2021 – മുതൽ 24/09/2021 വരെ |
| 2 | 10/-രൂപ ഫൈനോടുകൂടി പരീക്ഷാ ഫീസ് പരീക്ഷാ കേന്ദ്രത്തിൽ സ്വീകരിക്കേണ്ട തീയതി | : | 25/09/2021-27/09/2021 |
| 3 | മാർക്ക് ലിസ്റ്റിനുള്ള ഫീസ് അടക്കേണ്ട തീയതി | : | 16/09/2021 മുതൽ 27/09/2021 വരെ |
| 4 | കാൻഡിഡേറ്റ് ലിസ്റ്റ് സ്റ്റേറ്റ് ലൈബ്രേറിയൻ പരീക്ഷാ ഭവനിൽ സമർപ്പിക്കേണ്ട അവസാന തീയതി | : | 01/10/2021 |

റഗുലർ വിദ്യാർത്ഥികളുടെയും പ്രൈവറ്റ് വിദ്യാർത്ഥികളുടെയും 'എ' ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സ്റ്റേറ്റ് ലൈബ്രേറിയൻ പരീക്ഷാഭവനിലേക്ക് അയച്ചു തരേണ്ടതാണ്.

**വിദ്യാർത്ഥികൾ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി നടത്തുന്ന ലൈബ്രറി & ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് പരീക്ഷ എഴുതുന്നതിന് നിയമാനുസൃതം യോഗ്യരാണെന്ന് സ്റ്റേറ്റ് ലൈബ്രേറിയൻ, തിരുവനന്തപുരം സാക്ഷ്യപ്പെടുത്തേണ്ട താണ്.**

**പരീക്ഷാടൈംടേബിൾ:**

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 28/10/2021 | വ്യാഴം | 10.00 A.M - 12.00 Noon | ലൈബ്രറി ഓർഗനൈസേഷൻ ആന്റ് മാനേജ്മെന്റ് |
| 29/10/2021 | വെള്ളി | 10.00 A.M - 12.00 Noon | ലൈബ്രറി ക്ലാസ്സിഫിക്കേഷൻ ആന്റ് കാറ്റലോഗ് **(തിയറി)** |
| 01/11/2021 | തിങ്കൾ | 10.00 A.M - 12.00 Noon | ലൈബ്രറി ക്ലാസ്സിഫിക്കേഷൻ **(പ്രാക്റ്റിക്കൽ)** |
| 02/11/2021 | ചൊവ്വ | 10.00 A.M - 12.00 Noon | ലൈബ്രറി കാറ്റലോഗ് **(പ്രാക്റ്റിക്കൽ)** |
| 03/11/2021 | ബുധൻ | 10.00 A.M - 12.00 Noon | ഇൻഫർമേഷൻ സോഴ്സ് ആന്റ് സർവ്വീസ് |
| 05/11/2021 | വെള്ളി | 10.00 A.M - 12.00 Noon | ഇൻഫർമേഷൻ ടെക്നോളജി |

**പുനർമൂല്യനിർണ്ണയം**

11.05.2021-ാം തീയതിയിലെ ഉന്നത വിദ്യാഭ്യാസ 'എ' വകുപ്പിൽ നിന്നുള്ള എ1/27/2021-ാം നമ്പർ കത്ത് പ്രകാരം സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് പരീക്ഷാ വിജ്ഞാപനത്തിൽ പുനർ മൂല്യനിർണ്ണയം സംബന്ധിച്ച വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

പരീക്ഷാർത്ഥികൾക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ പേപ്പർ ഒന്നിന് 400/-രൂപ ക്രമത്തിൽ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്നതിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം സ്ഥാപന മേധാവി അപേക്ഷകളുടെയും തുകയുടെയും വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് പരീക്ഷാഭവനിലേക്ക് ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. പുനർമൂല്യ നിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പുനർമൂല്യനിർണയത്തിൽ മാർക്കിൽ മാറ്റം വന്ന വിദ്യാർത്ഥികൾക്ക് അവർ ഒടുക്കിയ ഫീസ് തിരികെ നൽകിയതിനുശേഷമുള്ള തുക 0202-01-102-92 അദർ റെസീറ്റ് എന്ന ശീർഷകത്തിൽ അടച്ച് ഒറിജിനൽ രസീത് പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

**പൊതു നിർദേശങ്ങൾ**

1. പരീക്ഷാ ഹാളിൽ എന്തെങ്കിലും ക്രമക്കേട് നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ തുടർന്ന് പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
2. പരീക്ഷാഹാളിൽ ക്രമക്കേട് നടത്തിയാൽ വിദ്യാർത്ഥിയെ ഡിബാർ ചെയ്യുകയും തുടർന്നുള്ള വർഷങ്ങളിൽ കമ്മീഷണർ/ പരീക്ഷാബോർഡിന്റെ തീരുമാനം അനുസരിച്ച് മാത്രമേ ടി വിദ്യാർത്ഥിക്ക് പരീക്ഷയെഴുതുവാൻ അനുമതി ലഭ്യമാവുകയുള്ളു.
3. പരീക്ഷാ ഹാളിൽ പ്രിന്റ് ചെയ്ത പേപ്പറുകൾ, മൊബൈൽ ഫോൺ, കാൽക്കുലേറ്റർ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതല്ല.

4. പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം കൃത്യമായി പാലിക്കേണ്ടതാണ്.
5. പരീക്ഷ തുടങ്ങുന്നതിന് മൂന്ന് ദിവസത്തിനു മുമ്പ് ചീഫ് സൂപ്രണ്ടിൽ നിന്നും പരീക്ഷാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് കൈപ്പറ്റാവുന്നതാണ്.

**കോവിഡ്-19 നിർദ്ദേശങ്ങൾ:**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ പരീക്ഷാ കേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും ക്വാറന്റ്-യിനിലുള്ളവരെയും കണ്ടെയിൻമെന്റ് സോണിൽ നിന്നും വരുന്നവരെയും തെർമൽ സ്കാനറിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും മറ്റു അസുഖ ലക്ഷണം കാണിക്കുന്നവരെയും പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നടത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി.വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

## APPENDIX – I

## APPLICATION FOR THE CERTIFICATE COURSE EXAMINATION IN LIBRARY & INFORMATION SCIENCE OCTOBER 2021

**(Regular and Private Candidates)**

1. Name of Centre :
2. Name of Candidate (in block letter) :
3. Sex :
4. Full Address of the Candidate with Phone Number :
5. Date of Birth :
6. Details of subject appeared and passed :

| Sl. No | Reg. No and Year of appearance | Subject passed in each appearance (Put √ Mark) | | | | | |
|---|---|---|---|---|---|---|---|
| | | Paper I | Paper II | Paper III | Paper IV | Paper V | Paper VI |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

7. Papers for which now appear :
8. Amount of fee remitted, number and date of chalan with name of treasury. :

Place:
Date: Signature of Candidate.

---

## CERTIFICATE

*Certified that the particulars furnished above by the candidate have been verified with the records of the institution and found correct.*

Signature of State Librarian
State Central Library,
Thiruvananthapuram

Place:
Date:

# APPENDIX – II

## GOVERNMENT OF KERALA
## BOARD OF PUBLIC EXAMINATIONS

## *CERTIFICATE COURSE EXAMINATION IN LIBRARY & INFORMATION SCIENCE OCTOBER 2021*

## ADMISSION TICKET

Register No:

Affix the Photograph of Candidate

Name of Centre :

Name of Candidate :

Papers now appear. :

Signature Name & Designation of Chief Superintendent

Signature of the Candidate
(To be signed in the presence of Chief Supdt.) :

Office Seal

## INSTRUCTIONS TO THE CANDIDATE

1. Candidate must be in possession of the Admission ticket when writing the examination.
2. Candidates should scrutinize the entries made in the admission ticket, point out mistakes if any and get rectified.
3. They must enter the name of examination, year and month of examination, Reg. No and the name of the subject, only on the facing sheet of their answer books.
4. Candidate, who arrive more than 30 minutes late will not be admitted to the examination and no candidate will be allowed to leave the examination hall before 30 minutes after the commencement of examination.
5. No candidate will be admitted to the examination, if he/she is suffering from any contagious disease.
6. Candidate should affix a passport size photo for the space provided for the admission tickets and get attested.
7. Any written or printed matters, Mobile Phone, Calculator and any other Electronic Devices will not be allowed in the Examination Hall.
8. Candidates should wear mask and strictly follow the Covid-19 protocol norms.

## TIME TABLE

| Date | Day | Time | Subject |
|---|---|---|---|
| 28/10/2021 | Thursday | 10 am to 12 Noon | Library Organization and Management |
| 29/10/2021 | Friday | 10 am to 12 Noon | Library classification and Catalogue (Theory) |
| 01/11/2021 | Monday | 10 am to 12 Noon | Library Classification (Practical) |
| 02/11/2021 | Tuesday | 10 am to 12 Noon | Library Catalogue (Practical) |
| 03/11/2021 | Wednesday | 10 am to 12 Noon | Information source and Service |
| 05/11/2021 | Friday | 10 am to 12 Noon | Information Technology |

***NB**: The above timetable will strictly be followed and the examination should not under any circumstances be stopped without the orders of the Commissioner for Government Examinations even though any day of the examinations is declared as a holiday.*

**APPENDIX – III**

**CERTIFICATE COURSE EXAMINATION**
**IN LIBRARY & INFORMATION SCIENCE OCTOBER 2021**

## APPLICATION FOR REVALUATION OF ANSWER SCRIPT

1. Register Number :

2. Name of candidate :

3. Name of Institution :

4. Details of papers for which Revaluation is applied : **(Details may be furnished below)**

| Sl.No. | Name of Subject | Marks obtained |
|---|---|---|
| | | |
| | | |
| | | |

6. **Details of fee remitted at Rs.400/- per paper (Rupees Four Hundred only) to the concerned State Librarian, State Library, Thiruvananthapuram.**

| Receipt No. | Date | Amount |
|---|---|---|
| | | |

Place :

Date : **Signature of the Candidate**

**Note :-** The application should be submitted through the State Librarian, State Library, Thiruvananthapuram and the prescribed fee should be collected by the State Librarian from the candidate at the time of submission of application for revaluation.